**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6598

21.11.2019- ൽ
മറുപടിയ്ക്ക്

## മാനന്തവാടി താലൂക്കിൽ പട്ടയം നൽകാൻ സ്വീകരിച്ച നടപടികൾ

ചോദ്യം
ശ്രീ.ഒ. ആർ. കേളു

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) മാനന്തവാടി താലൂക്കിൽ പട്ടയത്തിനായി അപേക്ഷിച്ച് പട്ടയം ലഭിക്കാത്ത ആളുകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവർക്ക്പട്ടയം നൽകാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എ) & (ബി) മാനന്തവാടി താലൂക്കിൽ പട്ടയത്തിന് അപേക്ഷിച്ച് പട്ടയം ലഭിക്കാത്ത 113 അപേക്ഷകളുണ്ട്. ആയതിൽ 25 കേസുകളിൽ പട്ടയം നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ബാക്കി 88 കേസുകളുടെ വിവരങ്ങൾ വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വില്ലേജ് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | മാനന്തവാടി | 15 |
| 2 | തിരുനെല്ലി | 25 |
| 3 | തൃശ്ശിലേരി | 11 |
| 4 | പനമരം | 4 |
| 5 | അഞ്ചുകുന്ന് | 6 |
| 6 | പയ്യമ്പള്ളി | 2 |
| 7 | വെള്ളമുണ്ട | 11 |
| 8 | എടവക | 2 |
| 9 | പേര്യ | 1 |
| 10 | വാളാട് | 1 |
| 11 | ചെറുകാട്ടൂർ | 1 |
| 12 | തൊണ്ടർനാട് | 3 |
| 13 | തവിഞ്ഞാൽ | 2 |
| 14 | കാഞ്ഞിരങ്ങാട് | 2 |
| 15 | പൊരുന്നന്നൂർ | 0 |
| 16 | നല്ലൂർനാട് | 2 |
| | ആകെ | 88 |

മാനന്തവാടി താലൂക്കിൽ തിരുനെല്ലി വില്ലേജിൽ നരിക്കൽ പ്രദേശത്ത് മുമ്പ് കൊടുത്ത മിച്ചഭൂമി പട്ടയം റദ്ദ് ചെയ്ത് നിലവിൽ കൈവശം വച്ച് വരുന്ന 219 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. പട്ടയം ലഭിക്കാത്തവർക്ക് പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) ഏതെങ്കിലും വില്ലേജിൽ പട്ടയം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) പട്ടയം നൽകാനുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(സി) & (ഡി) മാനന്തവാടി താലൂക്കിൽ തവിഞ്ഞാൽ വില്ലേജ് സർവ്വെ നം. 68/1 ബി, 90/1-ൽപ്പെട്ട മക്കിമല പ്രദേശത്ത് പട്ടാളക്കാർക്ക് പതിച്ച് കൊടുത്ത ഭൂമിയിൽ വർഷങ്ങളായി കയ്യേറി താമസിച്ച് വരുന്ന 70 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത ഭൂമിയിലെ 3000 ത്തോളം മരങ്ങൾ നഷ്ടപ്പെട്ടതിന്റെ ബാധ്യത കണക്കാക്കുന്നതിനും, മുമ്പ് അനുവദിച്ച പട്ടയം റദ്ദ് ചെയ്യുന്നതിനും കൂടുതൽ സമയം ആവശ്യമാണ്. വെള്ളമുണ്ട വില്ലേജിൽ പുളിഞ്ഞാൽ പ്രദേശത്ത് പട്ടികവിഭാഗക്കാർക്ക് പതിച്ച് കൊടുത്ത ഭൂമിയിലെ 27 അനധികൃത കൈവശക്കാർക്ക് പട്ടയം നൽകുന്നകാര്യവും 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്ന കേസുകളിൽ തൊണ്ടർനാട് - 177, പേര്യ – 14, മാനന്തവാടി - 175, കാഞ്ഞിരങ്ങാട് -3, എന്നിങ്ങനെ പട്ടയം നൽകുന്നതിനുള്ള 369 അപേക്ഷകളും നിലവിലുണ്ട്. ഇക്കാര്യത്തിൽ ജി.പി.എസ് സർവ്വെ നടപടികൾ കൂടി പൂർത്തിയാകാനുണ്ട് ചട്ടപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Indu S.S.

**സെക്ഷൻ ഓഫീസർ**